ശ്രീ. എൻ. കണപതി: സർ, இந்த இரண்டு ஜில்லாவும் ஒரே சமயத்தில் ஏற்படுத்தப்படும் என்று வாக்களித்தும் பராபட்சமாக மலேநாடு ஜில்லா ஏற்படுத்தாமலிருப்பதால் 1970 டிசம்பருக്കുള്ള് ഏற്படുത്തപ്പെടും എന്നു ഉറപ്പു കൂറലാമാ അല്ലതു മുടിയാതു എന്നു കൂറലാമാ?

ശ്രീ. കെ. ടി. ജേക്കബ്: ജില്ല വേണ്ടന്നു പറഞ്ഞിട്ടില്ല. വേണമെന്നാണു പറഞ്ഞിട്ടുള്ളത്. ഇതിനുവേണ്ടി ചില നടപടികളും എടുത്തിട്ടുണ്ട്.

ശ്രീ. ജോർജ് തോമസ്: തൊട്ടുതൊട്ടില്ല എന്നു പറഞ്ഞതുകൊണ്ടാണ് കൂടുതൽ ചോദ്യങ്ങളും ചോദിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്ക് അങ്ങനെ വേണമെന്നുണ്ട്. പക്ഷേ ഗവൺമെന്റ് എന്ന നിലക്ക് അങ്ങനെ കയറിപ്പോകാനും നിവൃത്തിയില്ല.

WRITTEN ANSWERS

*60 (232) ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ ക്കാണുന്ന ചോദ്യങ്ങൾക്കു ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടിനൽകുമോ:

(എ) ഹരിജനങ്ങൾക്ക് വ്യവസായങ്ങളും തുടങ്ങുവാനും മററു സഹായങ്ങളും നൽകുവാനുമായി ഒരു ഫൈനാൻസ് കോർപ്പറേഷൻ രൂപീകരിക്കുവാൻ ഗവൺമെന്റു ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനങ്ങളും ഘടനയും എന്തായിരിക്കുമെന്നു വിശദീകരിക്കാമോ;

(സി) ഈ കോർപ്പറേഷൻ എന്നാണ് നിലവിൽവരിക?

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ:)

(എ) ഉദ്ദേശിക്കുന്നുണ്ട്?

(ബി) ഈ കാര്യങ്ങളും ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

Unstarred Questions and Answers

അഴിമതി ആരോപണങ്ങൾ

*32 (248) ശ്രീ. വി. ശ്രീധരൻ:
ശ്രീ. സി. കെ. ബാലകൃഷ്ണൻ
ശ്രീ. എസ്. ദാമോദരൻ,
ശ്രീ. പി. കെ. കുഞ്ഞച്ചൻ,
ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള,
ശ്രീ. എൻ. പ്രഭാകരത്തണ്ടാർ,
ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടിനൽകുമോ;

(എ) അഗ്രികൾച്ചറൽ ഡയറക്ടർ ഡാ: എം. എസ്. നായരുടെ പേരിൽ ഉള്ള ഗുരുതരമായ അഴിമതി ആരോപണങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ കായംകുളംകായൽ റിക്ലമേഷൻ പ്രോജക്ടറിനോടനുബന്ധപ്പെട്ടുള്ള പണികളിൽ പ്രസ്തുത ഉദ്യോഗസ്ഥൻ 2000–ൽ അധികം രൂപ കൈക്കൂലിവാങ്ങിയെന്ന ആരോപണത്തെക്കുറിച്ചന്വേഷിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തുനടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഇല്ല.

(ബി) ഇങ്ങനെ ഒരു ആരോപണം ശ്രദ്ധയിൽ പെട്ടിട്ടില്ലാത്തതു കൊണ്ട് അന്വേഷിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

അഗ്രികൾച്ചറൽ ഡയറക്ടർ

33 [279] ശ്രീ. വി. എസ്. അച്ചുതാനന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ജലസേചനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചറൽ ഡയറക്ടർ ഡാ: എം. എസ്. നായരുടെ പേരിൽ ഉള്ള ഗുരുതരമായ അഴിമതി ആരോപണങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കായംകുളം കായൽറിക്ലമേഷൻ പ്രോജക്ടറിനോടനുബന്ധപ്പെട്ടുള്ള പണികളിൽ പ്രസ്തുത ഉദ്യോഗസ്ഥൻ 2000–ൽ അധികം രൂപാ കൈക്കൂലിവാങ്ങിയെന്ന ആരോപണത്തെക്കുറിച്ചന്വേഷിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഇല്ല.

(ബി) ഇങ്ങനെ ഒരു ആരോപണം ശ്രദ്ധയിൽ പെട്ടിട്ടില്ലാത്തതു കൊണ്ട് അന്വേഷിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

അഗ്രികൾച്ചറൽ ഡയറക്ടർ

34 [280] ശ്രീ. എ. എസ്. പുരുഷോത്തമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ജലസേചനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചറൽ ഡയറക്ടർ ഡാ. എം. എസ്. നായരുടെ പേരിൽ ഉള്ള ഗുരുതരമായ അഴിമതി ആരോപണങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കായംകുളംകായൽ റിക്ലമേഷൻ പ്രോജക്ടറിനോടനുബന്ധപ്പെട്ടുള്ള പണികളിൽ പ്രസ്തുത ഉദ്യോഗസ്ഥൻ 2000–ൽ അധികംരൂപാ കൈക്കൂലിവാങ്ങിയെന്ന ആരോപണത്തെക്കുറിച്ചന്വേഷിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഇല്ല.

(ബി) ഇങ്ങനെ ഒരു ആരോപണം ശ്രദ്ധയിൽ പെട്ടിട്ടില്ലാത്തതു കൊണ്ട് അന്വേഷിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly